പതിനാലാം കേരള നിയമസഭ

പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :2449 — 12.02. 2020 ൽ മറുപടിക്ക്

**വൻകിട സ്ഥാപനങ്ങളുടെ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി**

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കഴിഞ്ഞ സാമ്പത്തിക വർഷം കെ.എസ്.ഇ.ബി.യുടെ നഷ്ടം 290 കോടി രൂപ ആയിരിക്കെ വൻകിടക്കാർ വരുത്തിയ കുടിശ്ശിക 340 കോടിയിൽപരം രൂപയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) 31.12.2019-ലെ ലഭ്യമായ കണക്ക് പ്രകാരം വൻകിട ഉപഭോക്താക്കളിൽ (എച്ച്.റ്റി) നിന്നും കുടിശ്ശികയിനത്തിൽ പിരിഞ്ഞുകിട്ടാനുള്ള ആകെ തുക 904.22 കോടി രൂപയാണ്. ഇതിൽ 383.4 കോടി രൂപ വിവിധ കോടതികളിലും, ഫോറങ്ങളിലുമായി വ്യവഹാരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളതാണ്. നിലനിൽക്കുന്ന വ്യവഹാരങ്ങളിൽ തീർപ്പുണ്ടാകുന്ന മുറയ്ക്ക് മാത്രമേ ടി തുകകൾ പിരിച്ചെടുക്കുവാൻ കഴിയുകയുള്ളൂ. |
| (ബി) ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ പത്ത് എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളിൽ ഏഴെണ്ണവും സംസ്ഥാന സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങളാണോ; എങ്കിൽ അവ ഏതൊക്കെയാണ്; | (ബി) 31.12.2019- ലെ കുടിശ്ശിക കണക്ക് പ്രകാരം ഏറ്റവും കൂടുതൽ കുടിശ്ശിക വരുത്തിയ 10 എക്സ്ട്രാ ഹൈ ടെൻഷൻ ഉപഭോക്താക്കളിൽ സംസ്ഥാന പൊതുമേഖലാ സ്ഥാപനത്തിൽ ഉൾപ്പെട്ട ഒരു കൺസ്യൂമറാണ് നിലവിലുള്ളത്. ഇത് ഓട്ടോകാസ്റ്റ് ലിമിറ്റഡ് എന്ന പൊതുമേഖലാ സ്ഥാപനമാണ്. 31.12.2019-ലെ കണക്ക് പ്രകാരം ഈ ഉപഭോക്താവിന് 68.28 കോടി രൂപയാണ് കുടിശ്ശികയുള്ളത്. ഏറ്റവും കൂടുതൽ കുടിശ്ശികയുള്ള 10 എക്സ്ട്രാ ഹൈടെൻഷൻ ഉപഭോക്താക്കളുടെ പട്ടിക അനുബന്ധമായി ചേർക്കുന്നു. |
| (സി) ഇവയിൽ ചിലത് അടച്ചുപൂട്ടലിന് വിധേയമായതിനാൽ കുടിശ്ശിക പിരിച്ചെടുക്കണമെങ്കിൽ റവന്യൂ റിക്കവറി നടപടി സ്വീകരിക്കേണ്ടതുണ്ടോ ; വിശദാംശങ്ങൾ നൽകുമോ; | (സി) മുകളിൽ സൂചിപ്പിച്ച 10 ഉപഭോക്താക്കളിൽ ഇപ്പോൾ പ്രവർത്തന സജ്ജമല്ലാത്ത 4 ഉപഭോക്താക്കളാണുള്ളത്. ഇതിൽ 4 ഉപഭോക്താക്കളും റവന്യൂ റിക്കവറി നേരിടുന്നവരാണ്. ഇതിൽ ട്രാവൻകൂർ റയോൺസ് ഒഴികെയുള്ള 3 ഉപഭോക്താക്കൾക്കും വ്യവഹാരങ്ങൾ നിലവിലുണ്ട്. |
| (ഡി) നഷ്ടം നികത്താൻ വൈദ്യുതി നിരക്ക് ക്രമാതീതമായി വർദ്ധിപ്പിച്ച് ഉപഭോക്താക്കളെ ബുദ്ധിമുട്ടിപ്പിക്കുന്ന പതിവ് ഒഴിവാക്കി വൻകിടക്കാരുടെ കുടിശ്ശിക സമയബന്ധിതമായി | (ഡി) കുടിശ്ശിക പിരിച്ചെടുക്കലും, താരിഫ് പരിഷ്കരണവും തമ്മിൽ ബന്ധമില്ലാത്ത തരത്തിലുള്ള അക്കൌണ്ടിംഗ് സമ്പ്രദായമാണ് (Accrual Accounting System) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്നത്. വൈദ്യുതി നിയമം – 2003, നാഷണൽ താരിഫ് പോളിസി – 2016, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് |

| | |
|---|---|
| പിരിച്ചെടുക്കാൻ കെ.എസ്.ഇ.ബി. നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | നിർണ്ണയ ചട്ടങ്ങൾ - 2018, എന്നിവയുടെ അടിസ്ഥാനത്തിലാണ്, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ നിരക്കിൽ വ്യത്യാസങ്ങൾ വരുത്തുന്നത്.<br><br>സർക്കാർ അക്കൗണ്ടിംഗ് സമ്പ്രദായത്തിൽ നിന്ന് വ്യത്യസ്തമായി ബിൽ ചെയ്യപ്പെടുന്ന മുഴുവൻ തുകയും വരുമാനമായി കണക്കിലെടുക്കുന്ന അക്കൗണ്ടിംഗ് സമ്പ്രദായമാണ് കെ.എസ്.ഇ.ബി. ലിമിറ്റഡിൽ അനുവർത്തിച്ചു വരുന്നത്. ആയതിനാൽ പിരിഞ്ഞു കിട്ടാനുള്ള കുടിശ്ശിക ഒന്നും തന്നെ റവന്യൂ കമ്മിയിൽ പ്രതിഫലിക്കുകയില്ല.<br><br>വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, വൈദ്യുതി നിരക്കുകൾ പുതുക്കുന്നത്, വൈദ്യുതിയുടെ ഉൽപാദന വാങ്ങൽ ചെലവുകൾ (Generation & Power Purchase Cost) പ്രവർത്തന പരിപാലന ചെലവുകൾ (Operation & Maintenance Cost) സാമ്പത്തിക, പലിശ ചെലവുകൾ (Interest & Finance Charges) മൂലധന ഓഹരിയുടെ മടക്ക വിഹിതം (Return on Equity) തുടങ്ങിയ മൊത്തം ചെലവുകളും നിലവിലുള്ള മൊത്തം വരുമാനവും തമ്മിലുള്ള അന്തരം കൂടി പരിഗണിച്ചാണ്.<br>വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഈടാക്കുന്നതിലേക്ക് താഴെ പറയുന്ന നടപടികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് സ്വീകരിച്ചു വരുന്നു.<br><br>1. റവന്യൂ റിക്കവറി മുഖാന്തിരം കുടിശ്ശിക ഈടാക്കുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br>2. റെഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെ കിട്ടാകടങ്ങൾക്ക് പലിശയിൽ ഇളവ് നൽകി പിരിച്ചെടുക്കുന്നതിന് ഒറ്റ തവണ തീർപ്പാക്കൽ പദ്ധതികൾ വിജയകരമായി നടപ്പിലാക്കി വരുന്നു.<br>3. ഗവൺമെന്റ് തലത്തിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയതു വഴി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കാനുള്ള കുടിശ്ശിക തുക ഘട്ടം ഘട്ടമായി ബജറ്റിൽ വകയിരുത്തി ലഭ്യമാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം

EHT Consumers

| Sl.No. | Category | Legacy Code | Consumer Name | Tariff | Live/ Non live | Amount excluding Litigation 12/2019 | Amount under Litigation 12/2019 | Total |
|---|---|---|---|---|---|---|---|---|
| 1 | SPSU | 12/941 | AUTOKAST LIMITED | EHT II | L | 45,74,68,674 | 22,53,01,111 | 68,27,69,785 |
| 2 | PVT | 7/701 | BINANI ZINC LTD | EHT II | NL | 30,69,83,382 | 32,47,48,204 | 63,17,31,586 |
| 3 | CPP | 1/153 | INDSIL ELECTROMELTS LTD | EHT I | L | 1,74,96,277 | 42,69,94,376 | 44,44,90,653 |
| 4 | PVT | 32/3459 | HIGH-TECHDM | EHT II | NL | 0 | 37,37,28,049 | 37,37,28,049 |
| 5 | CPSU | 11/1141 | HINDUSTAN NEWS PRINT LTD | EHT II | L | 35,57,20,964 | 0 | 35,57,20,964 |
| 6 | PVT | 6/601 | TRAVANCORE RAYONS LTD | EHT I | NL | 27,97,15,231 | 0 | 27,97,15,231 |
| 7 | PVT | 21/2113 | SILCAL | EHT II | NL | 0 | 21,39,69,485 | 21,39,69,485 |
| 8 | CPP | 8/854 | CARBORUNDUM UNIVERSAL LTD,KORATTY | EHT II | L | 3,14,72,398 | 7,40,73,786 | 10,55,46,184 |
| 9 | PVT | 3/325 | HINDALCO INDUSTRIES LTD | EHT II | L | 0 | 7,98,93,877 | 7,98,93,877 |
| 10 | CPSU | 8/851 | HINDUSTAN MACHINE TOOLS LTD | EHT I | L | 1,55,12,969 | 2,78,97,037 | 4,34,10,006 |